*⇨ മൂലധനാധിപത്യത്തെ ചെറുക്കുന്നതിൽ തൊഴിലാളിവർഗ്ഗം ഒറ്റക്കെട്ടായി നിൽക്കുന്നില്ല ⇨*

# തൊഴിലാളി പ്രസ്ഥാനങ്ങളും പരിസ്ഥിതി സമരങ്ങളും ഒരുമിക്കണം

2013 ഒക്ടോബർ 28ന് തൃശൂരിൽ നടന്ന ശങ്കർ ഗുഹാനിയോഗി അനുസ്മരണ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട പ്രമേയം. അനിയന്ത്രികമായ ലാഭാർത്തികളുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ടിട്ടുള്ള, അതിരില്ലാത്ത മൂലധന വികസനത്തെ ചെറുക്കേണ്ടതിനായി തൊഴിലാളി – പരിസ്ഥിതി പ്രസ്ഥാനങ്ങൾ ഒരുമിക്കണമെന്ന് ആവശ്യപ്പെടുന്നു.

**തൊഴിലാളി – ജനകീയ പ്രസ്ഥാനങ്ങളുടെ ഏകോപനസമിതി**

**ജന്മി**-നാടുവാഴിത്തത്തിന്റെയും മൂലധന ശക്തികളുടെയും ചൂഷണങ്ങൾക്കെതിരെ തൊഴിലാളി സംഘടനകളുടെയും ഇടതുപക്ഷപ്രസ്ഥാനങ്ങളുടെയുമെല്ലാം  നേതൃത്വത്തിൽ ഉശിരാർന്ന ചെറുത്തു നില്പുകൾ സംഘടിപ്പിക്കപ്പെട്ടതിന്റെ സവിശേഷമായ ചരിത്രം കേരളത്തിനുണ്ട്. ജനാധിപത്യ പ്രക്രിയയിൽ ജനലക്ഷങ്ങളെ അണിനിരത്തുന്നതിലും കൂടുതൽ മെച്ചപ്പെട്ട വേതനവും ജീവിതസൗകര്യങ്ങളും നേടിയെടുക്കുന്നതിലും ഈ പോരാട്ടങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. പശ്ചിമഘട്ട പർവ്വതനിരകൾ സമ്മാനിച്ച പാരിസ്ഥിതിക സവിശേഷതകളെയും വിഭവസമൃദ്ധിയെയും മെച്ചപ്പെട്ട ജീവിത പരിസരങ്ങളിലേയ്ക്കും സാമൂഹിക വിതരണസംവിധാനങ്ങളിലേയ്ക്കും വികസിപ്പിക്കുന്നതിൽ ഈ ഉന്നത രാഷ്ട്രീയ ബോധം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. സാമൂഹിക വികസനത്തിലെ ചില തിരിച്ചടികളെയും അനഭിലഷണീയ പ്രവണതകളെയും ശരിയായ് വിലയിരുത്തികൊണ്ടു മാത്രമേ നമ്മുടെ കാലത്തെ സാമൂഹിക പ്രവർത്തന കാര്യപരിപാടികളുടെ ശരിയായ ദിശാനിർണയം നടത്താനാകൂ.

ആസന്നമായ എണ്ണ പ്രതിസന്ധിയും ആഗോള താപനവും ഏറെ ഗുരുതരമായി തീർന്നുകൊണ്ടിരിക്കുന്ന ധനിക - ദരിദ്ര വിടവും കോർപ്പറേറ്റ് - മുതലാളിത്ത ലോക സമ്പദ് വ്യവസ്ഥയുടെ നിലനിൽപ്പിനെത്തന്നെ പ്രശ്നവിഷയമാക്കിത്തീർത്തിരിക്കുന്ന പശ്ചാത്തലത്തിലാണ് ശങ്കർഗുഹാ നിയോഗി അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചത്.

അനിയന്ത്രികമായ ലാഭാർത്തികളുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ടിട്ടുള്ള അതിരില്ലാത്ത മൂലധന വികസനം എന്ന മുതലാളിത്ത മിഥ്യ തകരുമെന്നത് നിസ്തർക്കമാണ്. വൻതോതിൽ സംഭവിക്കുന്ന പാരിസ്ഥിതിക തകർച്ചകളുടെ ചിലവിലും തൊഴിലാളി കർഷക ജനസാമാന്യത്തിന്റെ അധ്വാനഫലങ്ങൾക്കു മേൽ പിടിച്ചുപറി നടത്തിയും സ്വന്തം ആവാസ വ്യവസ്ഥകളിൽ നിന്ന് അവരെ നിരന്തരം പറിച്ചുനട്ടും കുറെ ആളുകൾക്ക് സർവ്വവിധ ആഢംബരങ്ങളിലും മുഴുകി എല്ലാക്കാലത്തേയ്ക്കും തുടരാനാവില്ലെന്നത് കൂടുതൽ കൂടുതൽ വ്യക്തമായി വരികയാണ്.

മൂലധനാധിപത്യത്തിന്റെ ഇത്തരം കടന്നുകയറ്റങ്ങളെ ചെറുക്കുന്നതിൽ തൊഴിലാളിവർഗ്ഗം ഒറ്റക്കെട്ടായി നിൽക്കുന്നില്ലെന്ന ദൗർഭാഗ്യകരമായ സ്ഥിതി

വിശേഷം കാണാതിരിക്കാനാവില്ല. തങ്ങളുടെ തൊഴിലും കൊട്ടിഗ്ഘോഷിക്കപ്പെടുന്ന അന്തമറ്റ വികസനവും നിലനിർത്താൻ മൂലധനവുമായി സന്ധിചേരുകയും മിക്കവാറും അതിന്റെ വിശ്വസ്ത സേവകരാവുകയും ചെയ്യുന്നതിൽ പല തൊഴിലാളി വിഭാഗങ്ങളും കൂടുതൽ ഔത്സുക്യം കാണിക്കുന്ന ഒരു ലോകസാഹചര്യം സംജാതമായിരിക്കുന്നു.

തങ്ങളുടെ തൊഴിൽ സംരക്ഷിക്കുകയെന്ന സങ്കുചിത താൽപര്യത്തിന്റെ പേരിൽ ആയിരങ്ങളെ ബാധിക്കുന്ന പരിസ്ഥിതി മലിനീകരണം അവഗണിക്കുകയും പ്രശ്നബാധിതരായ മനുഷ്യരുടെ പ്രതിഷേധ സമരങ്ങൾ



ക്കെതിരെ തൊഴിൽ യജമാനരുടെ പക്ഷം ചേരുകയും ചെയ്യുന്നതിൽ ലജ്ജയില്ലാത്തവരായി ട്രേഡ് യൂണിയനുകൾ പ്രത്യക്ഷപ്പെടുന്നത് ഈ പ്രവണതയുടെ മറ്റൊരു മുഖമാണ്. മറുവശത്ത് ഇതിനേക്കാൾ ഗൗരവതരമായ ഒരു സ്ഥിതി വിശേഷമാണ് അസംഘടിതമേഖലയിലെ തൊഴിലാളികളുടെയും ദരിദ്ര കർഷകരുടേയും കാര്യത്തിൽ മുഖ്യധാരാ ട്രേഡ് യൂണിയനുകളും രാഷ്ട്രീയപാർട്ടികളും കാണിക്കുന്ന താൽപര്യരാഹിത്യം. നാമമാത്ര കൂലിക്കു പണിയെടുക്കുന്ന സേവനമേഖലകളിൽ, സ്ഥിരമായ ഉടമകളില്ലാത്ത അസ്ഥിരത്തൊഴിലാളികളുടെ കാര്യത്തിൽ സ്ഥിരം തൊഴിലാളികളില്ലാത്ത പുതുതലമുറ സംരംഭങ്ങളിൽ, കരാർ പ്രമാണിമാരുടെ കീഴിൽ പണിയെടുക്കുന്ന വിദഗ്ദ്ധ- അർധവിദഗ്ദ്ധ തൊഴിലാളികളുടെ കാര്യത്തിൽ, എണ്ണമറ്റ കച്ചവടസ്ഥാപനങ്ങളിലും കാവൽസേനകളിലും പണിയെടുക്കുന്ന അവിദഗ്ദ്ധ തൊഴിലാളികളുടെ കാര്യത്തിൽ, സ്വകാര്യ -സ്വാശ്രയവിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും പണിയെടുക്കുന്നവരുടെ കാര്യത്തിൽ - എല്ലാം സംഘടിക്കുന്നതും സമരം ചെയ്യുന്നതും അലോസരമുണ്ടാക്കുന്ന കാര്യമായ് സാർവ്വദേശീയത്തൊഴിലാളികളുടെ അപ്പോസ്തോലന്മാർ വരെ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു.

മുൻപ് കർഷകത്തൊഴിലാളികൾക്കെതിരെ പ്രചരണയുദ്ധം നയിച്ച മാധ്യമ മുതലാളിത്തത്തിന്റെ സ്വാധീനം മാത്രമല്ല ഈ സമര വിരോധത്തിനു പിന്നിലുള്ളത്. സ്വകാര്യ സംരംഭകരുമായി അവിശുദ്ധ ചങ്ങാത്തങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ട്രേഡ് യൂണിയൻ - രാ

**ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, ഇന്ത്യൻ കോഫീ ഹൗസ്, ദിനേശ് ബീഡി, കുടുംബശ്രീ കൂട്ടായ്മകൾ, സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് രാഷ്ട്രീയം ചോർന്നുപോയത് എങ്ങനെയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്**

ഷ്ട്രീയ നേതൃത്വങ്ങളുടെ മൂലധന ദാസ്യത്തിന്റെ തെളിവുകൂടിയാണിത്. രാഷ്ട്രീയ പാർട്ടികളുടെ രക്ഷാകർതൃത്വമില്ലാതെ തന്നെ നഴ്സുമാർക്കിടയിൽ നിന്നും ഉയർന്നുവന്ന സ്വതന്ത്രമായ സംഘടനാ നീക്കങ്ങളാണ്. ഇതിൽ നിന്നും വ്യത്യസ്തമായി അടുത്തകാലത്ത്  കേരളത്തിലുണ്ടായ ശ്രദ്ധേയമായ ഒരു രാഷ്ട്രീയ സംഭവവികാസം.

അസംഘടിത - അസ്ഥിര മേഖലകളിലെ തൊഴിലാളികളുടെ അവകാശപോരാട്ടങ്ങൾ ഏറെക്കുറെ അസ്തമിച്ചുകഴിഞ്ഞ ഈ രാഷ്ട്രീയ സ്തംഭനത്തിന് സമാന്തരമായിത്തന്നെ കേരളത്തിൽ സംഭവിച്ചിട്ടുള്ള ഒരു മാറ്റം ദരിദ്ര ജനവിഭാഗങ്ങളുടെ കൂടുതൽ വ്യാപകമായിത്തീരുന്ന ദരിദ്രവൽക്കരണമാണ്. മൂലധനോന്മുഖമായ വികസനത്തിന്റെ നേട്ടങ്ങൾ കൊയ്തെടുക്കാനായ വലിയൊരു മധ്യവർഗവും ഉപരിവർഗ്ഗവും കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്.

ദളിത് -ആദിവാസി ജനവിഭാഗങ്ങൾ തങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും വിഭവങ്ങൾക്കും അവസരങ്ങൾക്കും മേൽ കൂടുതൽ അവകാശങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി നടത്തിയ പോരാട്ടങ്ങൾ എങ്ങുമെത്താതെ തുടരുകയാണ്. സാമൂഹ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഓരങ്ങളിലേക്ക് തള്ളിമാറ്റപ്പെടുന്ന ഈ ജനവിഭാഗങ്ങളുടെ സമരത്തിന് വ്യക്തമായ ദിശാബോധം നൽകുന്നതിനും വേണ്ടത്ര അളവിൽ പിന്തുണ സമാഹരിക്കുന്നതിനും പുരോഗമന സാമൂഹിക പ്രസ്ഥാനങ്ങൾക്ക് കഴിയാതെ പോയിരിക്കുന്നു. വൻകിട തോട്ടമുടമകൾ പാട്ടക്കാലാവധി കഴിഞ്ഞ ലക്ഷക്കണക്കിനേക്കർ ഭൂമിയും അനധികൃതമായി കയ്യേറിയ ഭൂമിയും കൈവശം വച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ചെങ്ങറയിലും അരിപ്പയിലുമൊക്കെ ഭൂസമരങ്ങൾ പാതിവഴിയിൽത്തന്നെ തുടരുന്നു.

വലിയൊരു ഉപഭോക്തൃകമ്പോളമായ് മാറിക്കഴിഞ്ഞിട്ടുള്ള കേരളം ഉൽപ്പാദനമേഖലകളിൽ നിന്ന് പടിപടിയായ് പിൻവാങ്ങുന്നത് ആസന്നമായ മുതലാളിത്ത പ്രതിസന്ധിയുടെ സന്ദർഭത്തിൽ ആത്മഹത്യാപരമായ ഒരു കാര്യമായ്ത്തീരുമന്നുറപ്പാണ്. വിശേഷിച്ചും അത്തരം പ്രതിസന്ധിഘട്ടങ്ങളിൽ ഏറ്റവും സാധാരണക്കാരായ മനുഷ്യർ ഏറെ യാതനകൾ നേരിടേണ്ടി വരുമെന്നുറപ്പുള്ളതിനാൽ സാമൂഹ്യസംഘാടനത്തിന്റെ നവീന മാതൃകകളെക്കുറിച്ച് ചിന്തിക്കുകയെന്നത് അനിവാര്യമായിത്തീരുന്നുണ്ട്.

മുതലാളിത്ത ചൂഷണത്തിനെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടുകയും ഭൂമി ഉൾപ്പെടെയുള്ള വിഭവങ്ങൾക്കു മേലുള്ള  ബഹുരാഷ്ട്രമൂലധനത്തിന്റെ കടന്നുകയറ്റത്തിനെതിരെ ധീരോദാത്തമായ നിലപാടുകൾ എടുക്കുകയും ഒപ്പം ശഹീദ് ആശുപത്രിപോലെയുള്ള സംരംഭാത്മക ബദലുകൾക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്ത ശങ്കർ ഗുഹാ നിയോഗിയുടെ ചിന്തകൾക്കു സമാനമായ് സാമൂഹികപ്രവർത്തനങ്ങളിൽ ഏർപ്പെട്ട ട്രേഡ്യൂണിയനുകളും സാമൂഹിക പ്രസ്ഥാനങ്ങളും ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ അവരുടേതായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ സമഗ്രവും സംഘടിതവുമായ ഇടപെടലുകളുടെ നൈരന്തര്യം ഇല്ലാതെ പോയതിനാൽ ഇത്തരം ഇടപെടലുകൾക്ക് സ്ഥായിയായ ഫലങ്ങൾ ഉളവാക്കാനായിട്ടില്ല. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, ഇന്ത്യൻ കോഫീ ഹൗസ്, ദിനേശ് ബീഡി, കുടുംബശ്രീ കൂട്ടായ്മകൾ, സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് രാഷ്ട്രീയം ചോർന്നുപോയത് എങ്ങനെയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. സാമൂഹ്യനീതിയ്ക്കു വേണ്ടിയുള്ള സംരംഭാത്മക ബദലുകൾ രൂപപ്പെടുത്തുംവിധം ബഹുജനങ്ങളുടെ രാഷ്ട്രീയ ബോധത്തെയും സാമൂഹിക മനോഭാവങ്ങളെയും രൂപപ്പെടുത്തേണ്ടതുണ്ടെന്ന പാഠമാണ് അവ നൽകുന്നത്.

**പ്രവർത്തന പദ്ധതി**

1. പ്രത്യേക സാമ്പത്തിക മേഖലകൾ ഉൾപ്പെടെയുള്ള വൻവികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ നിർബാധം കയ്യടക്കുന്നതിനുള്ള ആഗോളകോർപ്പറേറ്റ് താൽപ്പര്യങ്ങൾക്കെതിരെ യോജിച്ച ചെറുത്തുനിൽപ്പുകൾക്ക് രൂപം നൽകണം.
2. തൊഴിൽ സ്ഥിരത, വേതനം, തൊഴിൽ സമയം തുടങ്ങിയവയിൽ തൊഴിലാളി സംഘടനാപ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിലൂടെ ആർജ്ജിച്ച സാമൂഹിക നിയന്ത്രണങ്ങൾ പൂർണ്ണമായും റദ്ദാക്കിക്കൊണ്ട് പുതുതലമുറ കോർപ്പറേറ്റ് സംരംഭങ്ങളിലൂടെ നടപ്പിലാക്കപ്പെടുന്ന തൊഴിൽബന്ധങ്ങളുടെ അസ്ഥിരപ്പെടുത്തലിനെ ചെറുക്കണം.
3. വൻതോതിലുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങളെയും വികസന പ്രവർത്തനങ്ങളെയും ചെറുക്കണം. പാരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്ന വ്യവസായ സംരംഭങ്ങളെ നിലനിർത്താൻ ശ്രമിക്കുന്ന ട്രേഡ് യൂണിയൻ നിലപാടുകളെ ഈ കൂട്ടായ്മ നിരാകരിക്കുന്നു. അത്തരം തൊഴിൽ സംരംഭങ്ങൾക്കു പകരം ജനകീയകൂട്ടായ്മകളുടെ നേതൃത്വത്തിൽ ഹരിത - ബദൽ സംരംഭങ്ങൾ രൂപപ്പെടുത്തുന്നതിന് ജനാധികാരപരമായ ഇടപെടലുകൾ നടത്തുന്നതിന് പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുന്നു.
4. ഖനിജ ഇന്ധന മുക്തമായ ഒരു സാമൂഹികത രൂപപ്പെടുത്തുന്നതിന് നവീന സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തുന്ന ചെറുകിട - ഹരിത ബദലുകൾക്കായി പ്രവർത്തിക്കുന്നതിന് കൂട്ടായ്മ ശ്രമിക്കുന്നതാണ്. സാമൂഹിക ഉടമസ്ഥതാ രൂപങ്ങളുടെ കാര്യത്തിലും ജനാധികാര പരമായ ബദൽ മാതൃകകൾ രൂപപ്പെടുത്തുന്നതിന് ശ്രമിക്കും.
5. കേരളത്തിലെ അസംഘടിത-അസ്ഥിര തൊഴിൽ മേഖലകളിൽ കൂടുതൽ ഫലപ്രദമായ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് കൂട്ടായ്മ വിലയിരുത്തുന്നു. കുടിയേറ്റ തൊഴിലാളികളുടെയും കരാർ

തൊഴിലാളികളുടെയും അവകാശങ്ങൾക്കു വേണ്ടിയുള്ള കൂടുതൽ ശക്തമായ ഇടപെടലുകൾക്ക് കൂട്ടായ്മ മുൻകൈ പ്രവർത്തനങ്ങൾ നടത്തും.

6. കേരളത്തിലെ ദലിത് – ആദിവാസി ജനവിഭാഗങ്ങൾക്കിടയിലെ ഭൂമിരാഹിത്യത്തിന്റെയും ഭൂമി അന്യാധീനപ്പെടലിന്റെയും കൈവശ ഭൂമിയുടെ വിസ്തൃതി കുറയുന്നതിന്റെയും പ്രശ്നങ്ങൾ അടിയന്തിരമായ സാമൂഹ്യ ഇടപെടൽ ആവശ്യപ്പെടുന്ന മുഖ്യ രാഷ്ട്രീയ പ്രശ്നമായിത്തീർന്നിട്ടുണ്ടെന്ന് ഈ കൂട്ടായ്മ വിലയിരുത്തുന്നു. സ്വന്തം മണ്ണിൽ മെച്ചപ്പെട്ട പാർപ്പിടങ്ങൾ എല്ലാവർക്കും എന്നതോടൊപ്പം മണ്ണിൽ പണിയെടുക്കുന്നവർക്ക് കൃഷിഭൂമി എന്ന മുദ്രാവാക്യവും ഉയർത്തപ്പെടേണ്ടതാണ്.

7. കൃഷി ഭൂമിയുടെയും ചെറുകിട കൈത്തൊഴിൽ മേഖലയുടെയും സാമൂഹിക കൈകാര്യ ശ്രമങ്ങളിൽ (social management) സഹകരണ മാതൃകയിലുള്ള ബദലുകൾ വളർത്തിയെടുത്ത് പ്രാഥമിക വിഭവങ്ങൾക്കു മേലുള്ള സാധാരണക്കാരുടെ പ്രാപ്യത ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് കൂട്ടായ്മ വിലയിരുത്തുന്നു. നിർദ്ദിഷ്ടമായ പ്ലാച്ചിമട ജനമുന്നേറ്റം, ഭക്ഷ്യ സ്വരാജ് തുടങ്ങിയ കൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിന് മുൻകൈ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

8. സാമൂഹിക സേവന മേഖലകളിൽ നിന്ന് പൊതുമേഖലയെ പിൻവലിച്ച് സ്വകാര്യ കമ്പോളത്തിന്റെ കളിക്കളമാക്കി മാറ്റുന്നതിനുള്ള ഭരണകൂട നീക്കങ്ങളെ ചെറുക്കുന്നതിനുള്ള ഗൗരവതരമായ കൂടിയാലോചനകൾക്ക് ശ്രമം നടത്തും.

9. മൂലധനശക്തികൾക്കെതിരായ ബഹുജന ഐക്യത്തെയും പ്രക്ഷോഭങ്ങളെയും സംരംഭാത്മക ബദലുകളെയും തകർക്കും വിധം ജാതി – മത വർഗീയാടിസ്ഥാനത്തിലുള്ള വേർതിരിവുകൾ ശക്തിപ്പെടുത്തുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. മൂലധനത്തെയോ ആധുനികതയെയോ തരിമ്പും നിരാകരിക്കാതെതന്നെ യാഥാസ്ഥിതിക സാംസ്ക്കാരിക ചിഹ്നങ്ങളും വിശ്വാസങ്ങളും ബലപ്പെടുത്തി, ജനങ്ങൾക്കിടയിൽ വിഭാഗിയത നിലനിർത്തി പാർലമെന്ററി രാഷ്ട്രീയത്തെ തങ്ങളുടെ വരുതിയിലാക്കുകയെന്ന മൂലധന തന്ത്രത്തെ ജാഗ്രതയോടെ കണ്ടുകൊണ്ട് മതേതര സാമൂഹികതയെ ശക്തിപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

10. പ്രാതിനിധ്യ ജനാധിപത്യത്തിന്റെ പരിമിതികളെയും വഞ്ചനകളെയും മറികടക്കുന്നതിന് പ്രത്യക്ഷ ജനാധിപത്യത്തിന്റെ മാതൃകകൾ പ്രവർത്തനങ്ങളുടെ അടിസ്ഥാനമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

11. കൂലി അടിമത്ത വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ചൂഷണ വ്യവസ്ഥകൾക്കു പകരം വിഭവങ്ങളുടെ പ്രാപ്തിയുടെ കാര്യത്തിൽ തുല്യമായ അവകാശങ്ങൾ നിലനിർത്തപ്പെടുന്ന വിഭവ പങ്കാളിത്ത മാതൃകകൾ രൂപപ്പെടുത്തുകയെന്നത് നിർദ്ദേശരൂപത്തിൽ ഉയർത്തുന്നതിനുള്ള തുടർ ചർച്ചകൾക്കായി കൂട്ടായ്മ ശ്രമിക്കുന്നതാണ്.

സാമൂഹ്യക്ഷേമത്തെയും പാരിസ്ഥിതിക സുസ്ഥിതിയെയും ലക്ഷ്യമാക്കുന്ന വികേന്ദ്രീകൃത സാമൂഹ്യ സംഘാടന മാതൃകകൾക്കായുള്ള രാഷ്ട്രീയാന്വേഷണങ്ങൾ നീതിയുക്തമായ ഒരു സാമൂഹികതയുടെ സൃഷ്ടിക്കായി മുന്നോട്ടു വച്ചുകൊണ്ട് യാതനകൾ അനുവിക്കുന്ന മനുഷ്യരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് ഈ കൂട്ടായ്മ കൂടുതൽ അന്വേഷണങ്ങളും സംവാദങ്ങളും പ്രവർത്തനങ്ങളും സംഘടിപ്പിക്കാൻ ശ്രമിക്കുന്നതാണ്. ■


## ആർക്കാണ് ഭ്രാന്തില്ലാത്തത്

മനുഷ്യാവകാശ ലംഘനത്തിന് ഏറ്റവും വശഗരായ സാമൂഹിക വിഭാഗമാണ് മനോരോഗികൾ. ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ പോലെതന്നെയാണ് മാനസിക വെല്ലുവിളികൾ നേരിടുന്നവരും. എന്നാൽ സർക്കാറിന് അത്തരം ഒരു നയമോ സമീപനമോ ഇല്ല. മനോരോഗികളുടെ മനുഷ്യാവകാശങ്ങളെ പിന്തുണച്ചുകൊണ്ടുള്ള ജനാധിപത്യവാദികളുടെ പുത്തൻ പ്രസ്ഥാനം രൂപം കൊള്ളുന്നത് ഈ സാഹചര്യത്തിലാണ്. മനോരോഗമുള്ളവർക്ക് ജനറൽ ആശുപത്രികളിൽ പ്രത്യേക വാർഡും വിവേകത്തോടെയുള്ള ചികിത്സയടക്കമുള്ള പരിരക്ഷകളും മനുഷ്യാവകാശങ്ങളും സൗജന്യമായി ഉറപ്പുവരുത്താൻ സർക്കാർ തയ്യാറാകണം.

**മനോരോഗമുള്ളവരുടെ**
**മനുഷ്യാവകാശ സംരക്ഷണത്തിനായി**
**ജനാധിപത്യ കൺവെൻഷൻ**
നവംബർ 17, ഉച്ചയ്ക്ക് 2ന്
കണ്ണൂർ ഐ.എം.എ ഹാൾ
*ബന്ധങ്ങൾക്ക്: 9846649083*

## ഇടതുപക്ഷം

**വിവിധ വീക്ഷണങ്ങൾ അവതരിപ്പിക്കുന്നു**
മുന്നണി ഇടതുപക്ഷം, വ്യവസ്ഥാപിത ഇടതുപക്ഷം, വിപ്ലവ ഇടതുപക്ഷം, പാരിസ്ഥിതിക ഇടതുപക്ഷം...തുടങ്ങിയ ഇടത് ചിന്താഗതികളുള്ള കേരളീയ ചിന്താപരിസരത്തെ അടുത്തറിയാൻ
**നവംബർ 24ന്, വൈകീട്ട് 3ന്**
**തൃശൂർ സാഹിത്യ അക്കാദമിയിൽ**
*ബന്ധങ്ങൾക്ക്: 9349357374*